## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5597** **03-11-2021 - ൽ മറുപടിയ്ക്ക്**

## ലൈഫ് ഭവന പദ്ധതിയുടെ അന്തിമ ഗുണഭോക്തൃലിസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | 2020 ലെ ലൈഫ് ഭവന പദ്ധതിയുടെ അന്തിമ ഗുണഭോക്തൃലിസ്റ്റ് പരിശോധന പൂർത്തീകരിച്ച് അംഗീകരിച്ച് നൽകുന്നതിന് സർക്കാർ തയ്യാറാകാത്തതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതി മുന്നോട്ടു കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (എ) | ലൈഫ് ഭവനപദ്ധതിയ്ക്ക് ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കായി നിശ്ചയിച്ചിരുന്ന സമയക്രമം പ്രകാരം പരിശോധന പൂർത്തീകരിച്ച് പട്ടിക പ്രസിദ്ധീകരിക്കുവാൻ കഴിയാതിരുന്നത് നിയമസഭ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം, കോവിഡിന്റെ രണ്ടാം തരംഗം മുതലായ കാരണങ്ങളാലാണ്. എന്നാൽ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള പുതിയ സമയക്രമം 25/10/2021-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമ പഞ്ചായത്ത് ലൈഫ് ഭവന നിർമാണ പദ്ധതിയുടെ 2020-ലെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനായി സർക്കാരിനെ സമീപിച്ചിരുന്നു. മേൽ പറഞ്ഞപ്രകാരം വൈകിയ നടപടികളിൽ തുടർനടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമ പഞ്ചായത്ത് ലൈഫ് ഭവന നിർമാണ പദ്ധതിയുടെ 2020 ലെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ നടപടി വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; അന്തിമ ഗുണഭോക്തൃലിസ്റ്റ് അടിയന്തരമായി അംഗീകരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ലൈഫ് ഭവനപദ്ധതിയ്ക്ക് ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കായി നിശ്ചയിച്ചിരുന്ന സമയക്രമം പ്രകാരം പരിശോധന പൂർത്തീകരിച്ച് പട്ടിക പ്രസിദ്ധീകരിക്കുവാൻ കഴിയാതിരുന്നത് നിയമസഭ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം, കോവിഡിന്റെ രണ്ടാം തരംഗം മുതലായ കാരണങ്ങളാലാണ്. എന്നാൽ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള പുതിയ സമയക്രമം 25/10/2021-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമ പഞ്ചായത്ത് ലൈഫ് ഭവന നിർമാണ |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ 2020-ലെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനായി സർക്കാരിനെ സമീപിച്ചിരുന്നു. മേൽ പറഞ്ഞപ്രകാരം വൈകിയ നടപടികളിൽ തുടർനടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ